# മാതൃകാചോദ്യപേപ്പർ SET 3

# USS EXAMINATION - FEBRUARY 2016

## Paper 1 - Part B - മലയാളം (BT)

1. ആശയപരമായി വേറിട്ടു നിൽക്കുന്ന വരികൾ താഴെ തന്നിട്ടുള്ളവയിൽ ഏത്?

A ഒലിനിന്ന പുഴയിൽക്കുഴികളിൽ വെള്ളം
ഓഴക്കുവെള്ളം, ഒലിക്കാത്ത വെള്ളം.

B പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം.

C മതിലുകൾക്കക്കരെ പുഴ കരഞ്ഞീടുന്നു
വരിക ഭഗീരഥാ വീണ്ടും

D തീ കത്തുന്നൊരു ഭൂമിയിൽ
കരിഞ്ഞ ജന്തുജാലങ്ങൾ
വെണ്ണിമ പാറും മരങ്ങൾ തൻ
അസ്ഥി ചിന്നുന്ന കുന്നുകൾ

2. പഠിത്തം നിർത്തുക എന്ന് അർത്ഥം വരുന്ന ശൈലി താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?

A ഏടു കെട്ടുക B എറാൻ മൂളുക

C ഏഴാംകൂലി D എഴുത്തിനിരുത്തുക

3. താഴെ തന്നിട്ടുള്ളവയിൽ ശരിയല്ലാത്ത ജോടിയേത്?

A ജീവിതസമരം - സി. കേശവൻ

B അരങ്ങു കാണാത്ത നടൻ - തിക്കൊടിയൻ

C എന്റെ കഥ - പി. കുഞ്ഞിരാമൻ നായർ

D കഴിഞ്ഞ കാലം - കെ. പി. കേശവ മേനോൻ

4. ശരിയായ പദം ഏത്?

A അധ:പതനം B അനുഗ്രഹീതൻ

C അഭ്യസ്ഥ വിദ്യൻ D അടിമത്ത്വം

5. 'വളരെ ദരിദ്രമായ ചുറ്റുപാടിൽ, പ്രതികൂല സാഹചര്യങ്ങൾ മറികടന്നാണ് തോമസ് ആൽവാ എഡിസൺ ശാസ്ത്രലോകത്തെ ഐന്ദ്രജാലികൻ ആയത്. പരാജയങ്ങളിൽ പതറാതെയുള്ള നിരന്തരമായ പ്രയത്നമാണ് അദ്ദേഹത്തിന്റെ വിജയരഹസ്യം'. ഈ ജീവിത പാഠത്തിന് അനുയോജ്യമായ പഴഞ്ചൊല്ല് ഏത്?

A പയ്യെത്തിന്നാൽ പനയും തിന്നാം.

B കരയുന്ന കുഞ്ഞിനേ പാലുള്ളു.

C വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

D വിത്തുഗുണം പത്തുഗുണം.

6. ശരിയല്ലാത്ത വാക്യം ചുവടേ ചേർത്തിരിക്കുന്നവയിൽ ഏതാണ്?

A കടുവ മൃഗവും പക്ഷി മയിലുമാകുന്നു.

B ഇന്നലെ അസഹ്യമായ തണുപ്പായിരുന്നു.

C വിമാനം  തകർന്നെന്നും യാത്രക്കാർ മരിച്ചെന്നും പത്രത്തിൽ കണ്ടു.

D തന്റെ സർവ്വസ്വവും അവൻ ദാനം ചെയ്തു.

7. അക്ഷരമാലാക്രമം പാലിക്കാത്ത കൂട്ടം ഏത്?

A ചരിത്രം/ചിത്രം/പേന/പൈതൽ

B പശു/പുസ്തകം/പേന/പൈതൽ

C കാക്ക/കുയിൽ/കെണി/കൗമാരം

D തൊഴിൽ/തേന്മാവ്/താരാട്ട്/തിരുവാതിര.

8. കഥകളിവേഷങ്ങളെക്കുറിച്ചുള്ള ചില സൂചനകൾ താഴെ തന്നിരിക്കുന്നു. അവയിൽ ശരിയായത് ഏത്?

A കാട്ടാളൻ മുതലായ കഥാപാത്രങ്ങൾക്ക് -കരി.

B സാത്വിക കഥാപാത്രങ്ങൾക്ക് - താടി.

C സ്ത്രീകൾ, മുനിമാർ തുടങ്ങിയ കഥാപാത്രങ്ങൾക്ക് - മിനുക്ക്.

D ഹനുമാൻ മുതലായ കഥാപാത്രങ്ങൾക്ക് - പച്ച.

9. താഴെതന്നിട്ടുള്ളവയിൽ താളവ്യത്യാസമുള്ള വരികൾ ഏത്?

A നിങ്ങളെല്ലാവരും വേണ്ടപോലൊന്നിച്ചു

ഭംഗി വളർത്തുന്നു പാരിനും വാനിനും

B മെല്ലെച്ചിന്തുക പൂമ്പൊടി കാറ്റേ,

ഫുല്ല മലർക്കുല ചായുമ്പോൾ

C ഉണ്ണി വിരിഞ്ഞു കഴിഞ്ഞൂ പച്ച-

ക്കണ്ണു മിഴിച്ചു കളിയ്ക്കുമ്പോൾ

D മഞ്ഞിൽച്ചാലിച്ചൂറിയൊരുമ്മകൾ

കുഞ്ഞിച്ചുണ്ടിലൊഴിച്ചോളൂ.

10. മലയാളത്തിലെ വിവിധ സാഹിത്യശാഖകളിലുള്ള ചില സൃഷ്ടികൾ ചുവടെ കളങ്ങളിൽ നൽകിയിരിക്കുന്നു.

| |
|---|
| **മുടിയനായ പുത്രൻ കൂട്ടുകൃഷി കാപാലിക ദൈവത്താർ** |

| |
|---|
| **ലീല, പൂതപ്പാട്ട്, വാഴക്കുല, രാവണപുത്രി** |

| |
|---|
| **അവകാശികൾ, വേരുകൾ, രണ്ടാമൂഴം, അഗ്നിസാക്ഷി** |

| |
|---|
| **രാച്ചിയമ്മ, നെയ്പ്പായസം, ശബ്ദിക്കുന്ന കലപ്പ, വെള്ളപ്പൊക്കത്തിൽ** |

കളങ്ങളുടെ ക്രമീകരണം മുകളിൽ നിന്നും താഴോട്ട് ഏതു വിധമാണ് നിർവ്വഹിച്ചിരിക്കുന്നത്?

A കവിത, നോവൽ, ചെറുകഥ, നാടകം.

B നോവൽ, കവിത, നാടകം, ചെറുകഥ.

C നാടകം, കവിത, നോവൽ, ചെറുകഥ.

D ചെറുകഥ, നാടകം, കവിത, നോവൽ.

11. 'ആട്ടവും ചാട്ടവും ചുവടുവെയ്പ്പും ഉൾക്കൊള്ളുന്ന ഈ കലാരൂപം കൊടുങ്ങല്ലൂർ മുതൽ അമ്പലപ്പുഴ വരെയുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിച്ചിരുന്നു. വേദപുസ്തകത്തെയോ പാശ്ചാത്യചരിത്രത്തെയോ സംബന്ധിച്ച കഥകളാണ് മിക്കവാറും അവതരിപ്പിക്കുന്നത്. കളരികെട്ടി അഭ്യാസം വേണ്ട കലാരൂപമാണിത്. ഈ കലാരൂപം പരിശീലിപ്പിക്കുന്ന ഗുരു 'അണ്ണാവി'എന്നറിയപ്പെടുന്നു. ഏത് കലാരൂപത്തെക്കുറിച്ചുള്ള സൂചനകളാണിത്?

A പരിചമുട്ടുകളി

B ചവിട്ടുനാടകം

C മാർഗ്ഗംകളി

D പൂരക്കളി

12. വൈക്കം മുഹമ്മദ് ബഷീറിന്റെ കഥാപാത്രസൃഷ്ടികളിലെ ചില സവിശേഷതകൾ ചുവടെ ചേർക്കുന്നു. അവയിൽ ശരിയല്ലാത്തത് ഏത്?

A കഥാകൃത്ത് തന്നെ കഥാപാത്രമായി വരുന്ന നിരവധി കഥകൾ രചിച്ചു.

B തന്റെ കഥകളിലൂടെ യാഥാസ്ഥിതികമനോഭാവം വായനക്കാരിൽ ഊട്ടിയുറപ്പിക്കാൻ ശ്രമിച്ചു.

C പക്ഷിമൃഗാദികളെ കഥാപാത്രങ്ങളാക്കി.

D മുസ്ലീം സാമൂഹ്യജീവിതം സൂക്ഷ്മമായി അവതരിപ്പിച്ചു.

**കവിത വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക?**

അവിടെ ഞാനാദ്യമായ് അക്ഷരപ്പൂവിലെ
ചെറുതേനെടുത്തു തേനീച്ചപോലെ
അതുവരെക്കാണാത്ത ഗുരുവരൻ അറിവിന്റെ
മധുരം വിളമ്പിയതവിടെയല്ലോ
അതുവരെയറിയാത്ത കൂട്ടുകാർ വന്നെന്റെ
അകതാർ കവർന്നതുമവിടെയല്ലോ
അറിവിന്റെ നീലവിഹായസ്സിലേറുവാൻ
ചിറകുമുളപ്പിച്ചതവിടമല്ലോ. (പി. ഭാസ്കരൻ)

13. 'അകതാർ' എന്ന പദത്തിന്റെ അർത്ഥമെന്ത്?

A മനസ്സ്   B പുസ്തകം

C അറിവ്   D പൂവ്

14. 'അറിവിന്റെ നീലവിഹായസ്സിലേറുവാൻ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്?

A അറിവ് നേടാൻ ആകാശമേറണം.

B അറിവിന്റെ ആകാശം നീലയാണ്.

C അറിവിന്റെ നീലാകാശത്തേയ്ക്ക് പറന്നുയരാൻ.

D അറിവും നീലാകാശവും ഒന്നാണ്.

15. 'ചെറുതേനെടുത്തു തേനീച്ചപോലെ' - ഇവിടെ 'തേനീച്ചപോലെ' എന്ന പരാമർശം ആരെ ക്കുറിച്ചാണ്?

A ഗുരുവിനെക്കുറിച്ച്   B പഠിതാവിനെക്കുറിച്ച്

C കൂട്ടുകാരെക്കുറിച്ച്   D ചിറകുമുളയ്ക്കുന്ന പക്ഷിയെക്കുറിച്ച്